# ഊർജ്ജ കിരൺ 2022-23

## വിവിധ  പരിപാടികൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

### 1. സെമിനാർ / ശില്പശാല

- പ്രോഗ്രാമിന് വ്യാപകമായ പ്രചാരണം നൽകി അനുവദിച്ചിട്ടുള്ള നിയമസഭാ മണ്ഡലങ്ങളിൽ നിന്ന്  പരമാവധി  ആളുകളെ പങ്കെടുപ്പിക്കണം - ഇതിനായി പത്രങ്ങൾ, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തണം
- **ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആളുകൾ ഉൾക്കൊള്ളുന്ന പൊതുജനങ്ങൾക്ക് വേണ്ടിയാകണം പരിപാടി സംഘടിപ്പിക്കേണ്ടത്.  വിദ്യാർഥികളെ കേന്ദ്രീകരിച്ച് നടത്തുന്ന പരിപാടികൾ പരിഗണിക്കുന്നതല്ല**
- പ്രോഗ്രാമിൽ  കുറഞ്ഞത്  50 പേരെങ്കിലും പങ്കെടുത്തിരിക്കണം
- പരിപാടിയിൽ പങ്കെടുക്കുന്നവരുടെ  പേര്, വീട്ടു നമ്പർ, മൊബൈൽ നമ്പർ, ഇമെയിൽവിലാസം (ഉണ്ടെങ്കിൽ), തദ്ദേശ സ്വയംഭരണ സ്ഥാപനം, നിയമസഭാമണ്ഡലം, വൈദ്യുതി ഉപഭോക്തൃ നമ്പർ, ഒപ്പ്  എന്നിവ ഉൾപ്പെടുത്തി രെജിസ്റ്റർ ചെയ്യണം.
- പ്രോഗ്രാമിന്റെ ദൈർഘ്യം  2-3  മണിക്കൂർ വരെ ആകാം.
- പങ്കെടുക്കുന്ന ഏജൻസികൾ പ്രോഗ്രാം നടത്തുന്നതിനായി ഇ.എം.സിയിൽ നിന്ന് പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സന്റെ സേവനം നിർബന്ധമായും ഉപയോഗിക്കണം.
- തദ്ദേശീയമായി റിസോഴ്സ് പേഴ്സനെ ലഭിക്കാത്ത പക്ഷം സ്ഥാപനത്തിൽ നിന്നും താല്പര്യമുള്ള ആളുകളെ തിരഞ്ഞെടുത്ത്  ഡിസംബർ അവസാനവാരത്തിൽ തിരുവനന്തപുരത്ത് ഇ എം സിയിൽ നടക്കുന്ന രണ്ടുദിവസത്തെ പരിശീലനപരിപാടിയിൽ പങ്കെടുപ്പിക്കണം. ഇവരുടെ പേരുകൾ ഡിസംബർ 20 നു മുൻപായി CED യിൽ ഇമെയിൽ വഴി നൽകണം
- പ്രോഗ്രാമിലേക്കുള്ള  നടത്തുന്നതിനുള്ള റിസോഴ്സ് മെറ്റീരിയലുകൾ ഇ എം സി  നൽകും. അവ വിശദീകരിച്ചാവണം ക്ളാസുകൾ.
- പ്രോഗ്രാമിന്റെ അവസാനം കുറഞ്ഞത് 15 മിനിറ്റെങ്കിലും ചർച്ചക്ക് സമയം കൊടുക്കണം
- പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനത്തിന് എം.എൽ.എ. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർമാൻ/ മേയർ/ മെമ്പർമാർ  തുടങ്ങിയവരിൽ ആരെയെങ്കിലും   ക്ഷണിക്കേണ്ടതാണ്.
- ഇ-മൊബിലിറ്റി, സൗരോർജ്ജം ഉപയോഗിച്ചുള്ള ഇലക്ട്രിക് കുക്കിംഗ് തുടങ്ങിയവ ഉപയോഗിക്കുന്ന ഒന്നോ രണ്ടോ ആളുകളെ  വെബിനാറിൽ വന്ന് അനുഭവം പങ്കിടാൻ പ്രത്യേകമായി ക്ഷണിക്കാം.
- ക്ലാസ്സുകൾ കഴിവതും 2023 ജനുവരി 31ന് മുൻപ് നടത്തണം
- **പരിപാടിയുടെ നോട്ടീസ് നടത്തുന്ന തിയതിക്ക് കുറഞ്ഞത് ഒരാഴ്ച മുന്പ് എങ്കിലും ecac@cedindia.org  എന്ന ഇമെയിൽ വിലാസത്തിൽ ലഭിച്ചിരിക്കണം**
- **നടപ്പാക്കുന്ന ഏജൻസികൾ തയ്യാറാക്കുന്ന  എല്ലാ നോട്ടീസുകളിലും  ബാനറുകളിലും പത്രകുറിപ്പുകളിലും ഇഎംസിയുടെയും സിഇഡിയുടെയും പേരുകൾ വ്യക്തമായി കാണിച്ചിരിക്കണം**
- പ്രോഗ്രാം പൂർത്തിയാകുന്ന മുറക്ക് തിരഞ്ഞെടുത്ത ഏജൻസികൾ ഇനിപ്പറയുന്ന റിപ്പോർട്ടുകളും മറ്റ് രേഖകളും  ഇതേ  വിലാസത്തിൽ ഇമെയിൽ വഴി CED-ക്ക്  സമർപ്പിക്കണം:
  - നടത്തിയ പ്രോഗ്രാമിന്റെ വിശദാംശങ്ങൾ -നിർദ്ദിഷ്ട ഫോർമാറ്റിൽ
  - സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് (Statement of Expenditure & Utilization Certificate) -നിർദ്ദിഷ്ട ഫോർമാറ്റിൽ (ഒറിജിനൽ തപാൽ/കൊറിയർ വഴി ഫോർമാറ്റിൽ കൊടുത്തിട്ടുള്ള അഡ്രസ്സിൽ അയക്കണം)
  - നേരത്തെ സൂചിപ്പിച്ച രജിസ്ട്രേഷൻ വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള പങ്കെടുക്കുന്നവരുടെ ലിസ്റ്റ്
  - പങ്കെടുക്കുന്നവരുടെ എണ്ണവും ഫോട്ടോയും  കാണിക്കുന്ന പ്രോഗ്രാമിന്റെ ഫോട്ടോകൾ
  - പ്രോഗ്രാമിന്റെ റെക്കോർഡ് ചെയ്ത വീഡിയോ ക്ലിപ്പുകൾ
  - പരിപാടിയുടെ മാധ്യമ റിപ്പോർട്ടുകൾ (പത്ര കട്ടിംഗ്/ചാനൽ വീഡിയോ)
- കുറഞ്ഞത് 50 പേർ പങ്കെടുക്കുന്ന ഒരു  പ്രോഗ്രാം നടത്തുന്നതിനുള്ള സാമ്പത്തിക സഹായം 10,000/- രൂപ ആയിരിക്കും. പങ്കാളികളുടെ എണ്ണം 50ൽ കുറവാണെങ്കിൽ താഴെയുള്ള ഒരാൾക്ക് 100 രൂപ വീതം കുറവ് ചെയ്ത്  ആയിരിക്കും സാമ്പത്തിക സഹായം. നൽകുക. 30 പേരിൽ താഴെ പങ്കെടുക്കുന്ന പ്രോഗ്രാമുകൾ സാമ്പത്തികസഹായത്തിന് പരിഗണിക്കുന്നതല്ല.
- അനുവദിച്ച തുകയുടെ 40% ആവശ്യമായ സത്യവാങ്മൂലം ലഭിച്ചാലുടൻ ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സി.ഇ.ഡിയിൽ നിന്നും  ട്രാൻസ്ഫർ ചെയ്യും. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോഗ്രാം പൂർത്തിയാക്കി മേൽ സൂചിപ്പിച്ച എല്ലാ രേഖകളും ലഭിച്ചാലുടനെ ബാക്കിയുള്ള തുക   ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക്  ട്രാൻസ്ഫർ ചെയ്യും.
- പരിപാടിയുടെ  റിപ്പോർട്ടുകൾ 2023 ഫെബ്രുവരി 15 ന് മുമ്പ് സി.ഇ.ഡി യിൽ സമർപ്പിക്കുന്നവർക്ക് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ.

- പ്രോഗ്രാമിനായുള്ള എല്ലാ ആശയവിനിമയങ്ങളും ഓൺലൈനിലായിരിക്കും, ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിന് അപേക്ഷിക്കുന്ന ഏജൻസികൾ ഇടയ്ക്കിടെ അവരുടെ ഇമെയിൽ / വാട്ട്സ്ആപ്പ് പരിശോധിക്കേണ്ടതാണ്.

**2. ഊർജ്ജ സംരക്ഷണ റാലി, പ്രതിജ്ഞ, ഒപ്പ് ശേഖരണം**

- ദേശീയ ഊർജ്ജ സംരക്ഷണ ദിന-വരാചരണത്തിന്റെ ഭാഗമായി 2022 ഡിസംബർ 13 മുതൽ ഡിസംബർ 20 വരെയുള്ള കാലയളവിൽ തന്നെ ആയിരിക്കണം റാലിയും ഒപ്പ് ശേഖരണവും നടത്തേണ്ടത്.
- ജീവിതശൈലിയും ഊർജ്ജ കാര്യശേഷിയും എന്നതായിരിക്കും മുഖമായ പ്രചാരണ വിഷയം
- അനുവദിച്ച നിയമസഭാ മണ്ഡലത്തിലെ ഒരു പ്രധാന നഗരത്തിൽ റാലിയും പ്രതിജ്ഞയും ഒപ്പ് ശേഖരണവും ഒരുമിച്ച് നടത്താം.
- പരിപാടിയുടെ ഔപചാരികമായ ഉദ്ഘാടനം കഴിയുന്നതും സ്ഥലം എം.എൽ.എ. യെ കൊണ്ട് നടത്തുക. നടത്തുന്ന സ്ഥലത്തെ തദ്ദേശ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർമാൻ/മേയർ എന്നിവരെയും ക്ഷണിക്കാം.
- ന്യൂസ് പേപ്പർ, ടെലിവിഷൻ, സോഷ്യൽ മീഡിയ തുടങ്ങിയവയിലൂടെ പരിപാടിക്ക് വ്യാപകമായ പ്രചാരണം നൽകണം.
- 100% കോട്ടൺ തുണിയിൽ തയ്യാറാക്കിയ രണ്ട് ബാനറുകൾ റാലി നടത്താനായി ഇ.എം.സി ലഭ്യമാക്കും.
- റാലി നടത്തുന്ന സംഘടനയുടെ പേര്, നിയമസഭാ മണ്ഡലം, തീയതി എന്നിവ ബാനറിന്റെ താഴെ ശൂന്യമായി ഇട്ടിരിക്കുന്ന സ്ഥലത്ത് അതാത് സംഘടനകൾക്ക് സ്ക്രീൻപ്രിന്റ് ചെയ്യാവുന്നതാണ്
- ഒരു ബാനർ റാലിയുടെ ആരംഭിക്കുന്നിടത്ത് അനുയോജ്യമായ സ്ഥലത്ത് സ്ഥിരമായി കെട്ടിവക്കുക. രണ്ടാമത്തേത് റാലിക്കായി ഉപയോഗിക്കുകയും അവസാന പോയിന്റിൽ അനുയോജ്യമായ സ്ഥലത്ത് സ്ഥിരമായി കെട്ടിവക്കുകയും ചെയ്യും.
- ഓരോ റാലിക്കും ഇഎംസി/സിഇഡി നൽകുന്ന മുദ്രാവാക്യങ്ങൾ ഉൾപ്പെടുത്തി കുറഞ്ഞത് പത്ത് പ്ലക്കാർഡുകൾ തയ്യാറാക്കി ഉപയോഗിക്കണം. – ഇതിനായി പ്ലാസ്റ്റിക് സാമഗ്രികൾ ഉപയോഗിക്കരുത്.
- ഒപ്പുശേഖരണത്തിനായി ഊർജ്ജസംരക്ഷണ പ്രതിജ്ഞയും ഒപ്പിടാനുള്ള ശൂന്യ സ്ഥലവുമുള്ള ഒരു ക്യാൻവാസ് ലഭ്യമാക്കും. ഇതിന്റെ താഴെ അറ്റത്തും റാലി നടത്തുന്ന സംഘടനയുടെ പേര്, നിയമസഭാ മണ്ഡലം, തീയതി എന്നിവ അതാത് സംഘടനകൾക്ക് സ്ക്രീൻപ്രിന്റ് ചെയ്യാവുന്നതാണ്
- ക്യാൻവാസ് എല്ലാവർക്കും ദൃശ്യമാകുന്നതും സ്ഥിരമായി സ്ഥാപിക്കാവുന്നതുമായ സ്ഥലത്ത് കുറഞ്ഞത് 3 മണിക്കൂർ നേരം സ്ഥാപിച് വാളണ്ടിയർമാർ നിന്ന് ഒപ്പ് ശേഖരിച്ച ശേഷം അവിടെ തന്നെ സ്ഥിരമായി വക്കണം.
- റാലിയിലും ഒപ്പുശേഖരണത്തിലും പങ്കെടുക്കുന്നവരുടെ പേരും മൊബൈൽ നമ്പറും ഒപ്പും കഴിയുമെങ്കിൽ KSEB കൺസ്യൂമർ നമ്പറും റിപ്പോർട്ടിന്റെ കൂടെ അയച്ചുതരണം
- ഇ-മൊബിലിറ്റി ഉപയോഗിക്കുന്ന ആളുകൾ, സോളാർ എനർജി ഉപയോഗിച്ചു പാചകം ചെയ്യുന്നവർ തുടങ്ങിയവരേ കാമ്പയിൻ സ്ഥലത്ത് വന്ന് അനുഭവം പങ്കിടാൻ ക്ഷണിക്കാം.
- പരിപാടിയിൽ പത്രങ്ങളുടേയും ടിവി ചാനലുകളുടെയും മറ്റും ആളുകളെ നേരിട്ട് പങ്കെടുപ്പിച് മാധ്യമ ശ്രദ്ധ കൊണ്ടുവരാൻ ശ്രമിക്കണം
- കുറഞ്ഞത് 50 പേർ പങ്കെടുക്കുന്ന റാലിയും 100 പേർ പങ്കെടുത്ത ഒപ്പുശേഖരണവും നടത്തുന്നതിന് ഒരു ഏജൻസിക്ക് അടിസ്ഥാന ഗ്രാന്റായി Rs.4000/- നൽകും.
- എംഎൽഎയുടെ പങ്കാളിത്തത്തിനും നേരിട്ടുള്ള മാധ്യമ കവറേജിനും Rs.500/- വീതം നൽകും (ആകെ 1000/- രൂപ) അധികമായി നൽകും
- പരിപാടിയുടെ നോട്ടീസ് നടത്തുന്ന തിയതിക്ക് കുറഞ്ഞത് അഞ്ച് ദിവസം മുന്പ് എങ്കിലും ecac@cedindia.org എന്ന ഇമെയിൽ വിലാസത്തിൽ അയക്കുക
- പ്രോഗ്രാം പൂർത്തിയാകുന്ന മുറക്ക് തിരഞ്ഞെടുത്ത ഏജൻസികൾ ഇനിപ്പറയുന്ന റിപ്പോർട്ടുകളും മറ്റ് രേഖകളും ഇതേ വിലാസത്തിൽ ഇമെയിൽ വഴി CED-ക്ക് സമർപ്പിക്കണം:
- നടത്തിയ പ്രോഗ്രാമിന്റെ വിശദാംശങ്ങൾ - നിർദ്ദിഷ്ട ഫോർമാറ്റിൽ
- റാലിയിലും ഒപ്പുശേഖരണത്തിലും പങ്കെടുക്കുത്തവരുടെ പേരും മൊബൈൽ നമ്പറും ഒപ്പും അടങ്ങിയ ലിസ്റ്റിന്റെ കോപ്പി
- സ്ഥാപന മേധാവി ഒപ്പിട്ട് സീൽ വച്ച ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് (Statement of Expenditure & Utilization Certificate) -- നിർദ്ദിഷ്ട ഫോർമാറ്റിൽ
- മുഖ്യാതിഥികൾ പങ്കെടുത്ത പരിപാടിയുടെ ഫോട്ടോഗ്രാഫുകളും ഹ്രസ്വ വീഡിയോകളും
- മാധ്യമ കവറേജിന്റെ വിശദാംശങ്ങൾ (വാർത്ത പേപ്പർ കട്ടിംഗുകൾ/വീഡിയോകൾ)
- 2022 ഡിസംബർ 25 -നകം മേൽപ്പറഞ്ഞ രേഖകൾ ലഭിക്കുന്ന മുറക്ക് അർഹതയുള്ള മുഴുവൻ തുകയും ഒറ്റത്തവണയായി നടത്തിയ ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സി.ഇ.ഡിയിൽ നിന്നും ട്രാൻസ്ഫർ ചെയ്യും.
- റാലിയിൽ 50-ഉം -ൽ താഴെയും ഒപ്പുശേഖരണത്തിൽ 100-ൽ താഴെയും പങ്കാളികൾ മാത്രമുള്ള പ്രോഗ്രാമുകൾ ഗ്രാന്റിനായി പരിഗണിക്കില്ല.

- 2022 ഡിസംബർ 25 ന് ശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ യാതൊരു കാരണവശാലും ഗ്രാന്റിനായി പരിഗണിക്കുന്നതല്ല.
- പ്രോഗ്രാമിനായുള്ള എല്ലാ ആശയവിനിമയങ്ങളും ഓൺലൈനിലായിരിക്കും, ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുന്നതിന് അപേക്ഷിക്കുന്ന ഏജൻസികൾ ഇടയ്ക്കിടെ അവരുടെ ഇമെയിൽ / വാട്ട്സ്ആപ്പ് പരിശോധിക്കേണ്ടതാണ്.

**3. താലൂക്ക് തല ഹ്യസ്വ വീഡിയോ നിർമ്മാണ മത്സരം**

- ജീവിതശൈലിയും ഊർജ്ജകാര്യക്ഷമതയും എന്ന വിഷയത്തിന് ഊന്നൽ കൊടുത്തുകൊണ്ട് ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം ജനഹൃദയങ്ങളിൽ എത്തിക്കുന്ന മൂന്നുമിനിട്ടിൽ കൂടാത്ത വിഡിയോകൾ ആയിരിക്കണം തയ്യാറാക്കേണ്ടത്.
- ഊർജ്ജ സംരക്ഷണത്തിന്റെ പാരിസ്ഥിതികമായ നേട്ടങ്ങൾ കൂടി ഉയർത്തികാട്ടുന്നതാകണം വീഡിയോകൾ
- ഒരു വ്യക്തിക്ക് മാത്രമായോ ഒന്നിൽ കൂടുതൽ വ്യക്തികൾ ചേർന്നോ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരിലോ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്
- മത്സരിക്കുന്ന താലൂക്കിൽ നിന്ന് തന്നെ ചിത്രീകരിച്ച പിന്തുടരാവുന്ന പ്രാദേശികമായ മാതൃകകൾ സഹിതമുള്ള വീഡിയോകൾക്ക് ആയിരിക്കും മുൻഗണന. അതോടൊപ്പം ജനങ്ങൾക്ക് ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറിച്ച നല്ല ഒരു സന്ദേശവും നൽകണം
- വീഡിയോക്ക് ഉചിതമായ ഒരു ശീർഷകം നൽകേണ്ടതാണ്
- വിഡിയോകൾ മത്സരത്തിനായി മാത്രം ചിത്രീകരിച്ചതും ദൃശ്യമാധ്യമങ്ങളിലോ സോഷ്യൽ മീഡിയായിലോ പ്രദർശിപ്പിക്കാത്തവയും ആയിരിക്കണം
- വീഡിയോകൾ മൊബൈൽ / ക്യാമറ ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്
- വിവരണങ്ങൾ സബ്ടൈറ്റിലുകൾ എന്നിവ മലയാളത്തിൽ നൽകേണ്ടതാണ്
- കേരളത്തിലെ 78 താലൂക്കുകളിലും പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് ആണ് വിഡിയോകൾ അയക്കേണ്ടത് . അവർ വീഡിയോയുടെ ആധികാരികത ഉറപ്പുവരുത്തി മൂല്യനിർണ്ണയത്തിനായി ഇഎംസി/സിഇഡിക്ക് കൈമാറും
- സംസ്ഥാനതലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള ജൂറി അംഗങ്ങൾ ആയിരിക്കും വീഡിയോകളുടെ മൂല്യ നിർണ്ണയം നടത്തുക
- ജൂറി അംഗങ്ങൾ നല്കുന്ന മാർക്കുകളുടെ ശരാശരി കണക്കാക്കി താലൂക്ക് തലത്തിൽ വിജയിച്ചവരുടെ പേരുകൾ പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് കൈമാറും, അവർ വിജയികൾക്ക് അവാർഡുകൾ വിതരണം ചെയ്യും.
- താലൂക്ക് തലത്തിൽ ഒന്നാം സ്ഥാനക്കാരന് 3,000/- രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും രണ്ടാം സ്ഥാനക്കാരന് 2,000/- രൂപ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും ലഭിക്കും
- സമ്മാനാർഹമായ വീഡിയോകൾ പ്രചരിപ്പിക്കുന്നതിനുള്ള അവകാശം ഇ എം സിക്ക് ആയിരിക്കും.
- എൻട്രികൾ 2023 ജനുവരി അഞ്ചാംതീയതിക്ക് മുമ്പായി താലൂക്ക് തലത്തിൽ തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾക്ക് അയക്കേണ്ടതാണ്.
- എൻട്രികൾ അയക്കുന്നതോടൊപ്പം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും അയക്കേണ്ടതാണ്
- താലൂക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഏജൻസികളുടെ ലിസ്റ്റും അപേക്ഷിക്കുവാനുള്ള മറ്റുവിശദാംശങ്ങളും www.keralaenegy.gov.in, www.cedindia.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.
- തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ പ്രോഗ്രാമിന് നല്ല പ്രചാരണം നൽകി അനുവദിച്ചിരിക്കുന്ന അധികാരപരിധിയിൽ നിന്ന് പരമാവധി എൻട്രികൾ ശേഖരിക്കണം
- ലഭിക്കുന്ന വീഡിയോകൾ ചിത്രീകരിച്ച പ്രദേശത്തിന്റെ ആധികാരികത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി മൂല്യനിർണ്ണയത്തിനായി സിഇഡിക്ക് ഇമെയിൽ വഴി അയച്ചുതരണം
- കുറഞ്ഞത് 5 എൻട്രികളുള്ള ഒരു പ്രോഗ്രാം ഏകോപിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം 5000 രൂപ ആയിരിക്കും. സമ്മാന വിതരണത്തിന് 5000 രൂപ കൂടി നൽകും
- സജീവ പങ്കാളികളുടെ എണ്ണം 5-ൽ കുറവാണെങ്കിൽ. 5-ന് താഴെയുള്ള ഓരോ എൻട്രിയിലും 500 രൂപ കുറയ്ക്കും.
- മത്സരം നടത്താൻ ഒരു താലൂക്കിൽ നിന്ന് കുറഞ്ഞത് 3 എൻട്രികൾ ആവശ്യമാണ്. അതിൽ കുറച്ചു എൻട്രികൾ അയക്കുന്ന ഏജൻസികളെ സാമ്പത്തികസഹായത്തിന് പരിഗണിക്കുന്നതല്ല
- പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം (സമ്മാനത്തുകയുൾപ്പെടെ) തിരഞ്ഞെടുക്കൽ പ്രക്രിയ പൂർത്തിയാകുകയും സമ്മാന വിതരണത്തിനുള്ള പ്രോഗ്രാം നോട്ടീസ് ലഭിക്കുകയും ചെയ്ത ശേഷം ഗ്രാന്റിന്റെ അർഹമായ തുക ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്

**4. നൂതന സമീപനങ്ങളിലൂടെ നഗരപ്രദേശങ്ങളിൽ സ്ഥായിയായ പ്രചാരണോപാധികൾ സ്ഥാപിക്കൽ**

- നഗരത്തിന്റെ പ്രധാന സ്ഥലങ്ങളിൽ ഗ്രാഫിക് വാൾ, പെയിന്റിംഗുകൾ, കട്ട് ഔട്ടുകൾ, ഹോൾഡ്ഡറുകൾ തുടങ്ങി അവരുടെ ഭാവനയിൽ തോന്നുന്ന കുറച്ചുകാലം സ്ഥിരമായി നിൽക്കുന്നതും ജീവിതശൈലിയു ഊർജ്ജാകാര്യശേഷിയും എന്ന വിഷയവും അതിന്റെ പാരിസ്ഥിതികവും സാമ്പത്തികവും ആയ പ്രയോജനങ്ങൾ ഉയർത്തിക്കാട്ടി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ളതുമായ കാര്യങ്ങൾ വിവിധ നൂതന സമീപനങ്ങളിലൂടെ തയ്യാറാക്കാൻ സന്നദ്ധരായ ആളുകളെ കണ്ടുപിടിച്ചു നടപ്പാക്കാവുന്നതാണ്.
- ഇതിനായി ഒരു ജില്ലയിൽ 5 ഏജസികളെയാകും തിരഞ്ഞടുക്കുക
- ഒരു പരിപാടിക്ക് പരമാവധി 10000 രൂപ സാമ്പത്തിക സഹായം നൽകും.
- ഇതിനായി ഊർജ്ജകിരൺ പ്രോഗ്രാമിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പാടിപാടി വിശദീകരിച്ചുകൊണ്ട് ഡിസംബർ മാസം 20-ന് മുൻപ് ecac@cedindia.org എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യണം
- തിരഞ്ഞെടുക്കപെട്ടവരെ ഡിസംബർ മാസം 25 -ന് മുൻപ് വിവരം അറിയിക്കും.
- അവർ ന്യൂസ് പേപ്പർ, ടെലിവിഷൻ, സോഷ്യൽ മീഡിയ തുടങ്ങിയവയിലൂടെ പരിപാടിക്ക് വ്യാപകമായ പ്രചാരണം ൽകി 2023 ജനുവരി 31-ന് മുമ്പ് പരിപാടികൾ നടപ്പാക്കണം
- ഫോട്ടോഗ്രാഫുകൾ/വീഡിയോകൾ, മാധ്യമ റിപ്പോർട്ടുകൾ എന്നിവയ്ക്കൊപ്പം പ്രവർത്തനത്തിന്റെ വിശദമായ റിപ്പോർട്ട് 2023 ഫെബ്രുവരി 15-ന് മുൻപ് നൽകുന്നവർക്ക് സാമ്പത്തിക സഹായം ബാങ്ക് അക്കൗണ്ടിൽ നൽകും.

**5. വൈദ്യുത വാഹന ഉടമകളുടെ ജില്ലാതല സംഗമം**

- വൈദ്യുത വാഹന ഉടമകളുടെ അനുഭവം പങ്കുവെക്കാനും അതിന്റെ പ്രചനത്തിനുമായി ഓരോജില്ലയിലും അവരുടെ സംഗമം നടത്തും.
- കഴിഞ്ഞ വർഷങ്ങളിൽ ഉർജ കിരൺ പ്രോഗ്രാമിൽ ജില്ലയിൽ മികച്ച പ്രകടനം നടത്തിയിട്ടുള്ള ഒരു ഏജൻസിയെ വീതം ഇ എം സിയും സി ഇ ഡിയും ചേർന്ന് നേരിട്ട് തിരഞ്ഞെടുത്ത് അറിയിക്കുന്ന മുറക്ക് അവരായിരിക്കും ഓരോജില്ലയിലും ഈ പരിപാടി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്
- വൈദ്യുത വാഹനങ്ങൾ ഉപയോഗിക്കാൻ മറ്റുള്ളവർക്ക് പ്രചോദനമാകുന്നതരത്തിൽ എല്ലാത്തരം മാധ്യമങ്ങളിലൂടെയും പ്രോഗ്രാമിന് വിപുലമായ പ്രചരണം നൽകണം
- മീറ്റിംഗ് വൈകുന്നേരം അത്താഴത്തോടൊപ്പം നടത്താം. ഇതിന്റെ ചിലവുകൾ ഇ എം സി നേരിട്ട് വഹിക്കും
- ഇവി ഡീലർമാരിൽ നിന്ന് ലിസ്റ്റുകൾ ശേഖരിച്ച് പരമാവധി പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ വാഹന ഉടമകളുമായി നേരിട്ട് ബന്ധപ്പെട്ടു അവരെ ക്ഷണിക്കണം
- പങ്കെടുക്കുന്നവരുടെ ഏകദേശ എണ്ണത്തെക്കുറിച്ച് മുൻകൂട്ടി അറിയിക്കണം
- ഏറ്റവും കുറഞ്ഞത് 50 പേരെങ്കിലും പങ്കെടുക്കണം
- മീറ്റിംഗ് നടത്തുന്നതിനുള്ള വിശദമായ അജണ്ടയും മാർഗ്ഗനിർദ്ദേശങ്ങളും തിരഞ്ഞെടുത്ത ഏജൻസികൾക്ക് നൽകും, പരിപാടി നടത്തുമ്പോൾ അവർ ഇത് പാലിക്കേണ്ടതുണ്ട്.
- പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് 10,000 രൂപ റിപ്പോർട് ലഭിക്കുന്ന മുറക്ക് നൽകും.

**6. റിസോഴ്സ് പേഴ്സൺ പരിശീലന പരിപാടി**

- രണ്ട് ദിവസം നീണ്ടുനിൽക്കുന്ന റിസോഴ്സ് പേഴ്സൺ പരിശീലന പരിപാടി തിരുവനന്തപുരത്ത് ഇഎംസിയിൽ വച്ച് 2022 ഡിസംബർ അവസാന വാരത്തിൽ നടത്തും
- ഊർജ്ജ കിരൺ 2022-23 ന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഏജൻസികൾ അനുയോജ്യരായ ആളുകളെ കണ്ടെത്തി അവരുടെ പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ ecac@cedindia.org എന്നമെയിൽ ഡിസംബർ 20 ന് മുമ്പ് അയക്കണം
- ട്രെയിനികളുടെ യാത്ര (Limited to 2nd class sleeper charges) ഭക്ഷണം, താമസം എന്നിവ EMC വഹിക്കും.